## പതിമൂന്നാം കേരള നിയമസഭ
### പന്ത്രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 4395

17.12.2014- ൽ മറുപടി.

## കൊച്ചി മെഡിക്കൽ കോളേജിലെ സ്ഥിരം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ

| ചോദ്യം<br>ശ്രീ. സാജു പോൾ | ഉത്തരം<br>ശ്രീ. വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
|---|---|
| (എ) സഹകരണ വകുപ്പിൽ നിന്നും സർക്കാർ ഏറ്റെടുത്ത കൊച്ചി മെഡിക്കൽ കോളേജിലെ സ്ഥിരം ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നടപ്പാക്കുന്നതിൽ നാളിതുവരെയും തീരുമാനം ഉണ്ടാകാത്തത് എന്തുകൊണ്ടാണ്; വിശദാംശം നൽകുമോ; | (എ) കൊച്ചി സഹകരണ മെഡിക്കൽ കോളേജിന്റെ ഏറ്റെടുക്കൽ നടപടികൾ പൂർണ്ണമാക്കുക, ഈ സ്ഥാപനത്തിലെ ജീവനക്കാരുടെ യോഗ്യത പരിശോധിച്ച് സർക്കാർ സർവ്വീസിൽ സംയോജിപ്പിക്കുക, ജീവനക്കാരുടെ സേവന വേതന വ്യവസ്ഥകൾ നിശ്ചയിക്കുക, എം.സി.ഐ മാനദണ്ഡങ്ങൾ പ്രകാരം ആവശ്യമായ എല്ലാ തസ്തികകളും സൃഷ്ടിക്കുക തുടങ്ങിയ നടപടികൾ ത്വരിത ഗതിയിൽ സ്വീകരിച്ചു വരികയാണ്. |
| (ബി) ജീവനക്കാർക്ക് ലഭിച്ചു കൊണ്ടിരുന്ന ക്ഷാമബത്ത ഇപ്പോൾ 20% കുടിശ്ശികയാകാനിടയായത് പരിശോധിക്കുമോ;<br>(സി) 2014 ഡിസംബർ 17-ന് ഒരു വർഷം തികയുന്ന മെഡിക്കൽ കോളേജിന്റെ കൈമാറ്റ ഉടമ്പടി നടപ്പാക്കുന്നതിനും മറ്റു വികസന പ്രവർത്തനങ്ങൾ നടത്തുന്നതിനും ജീവനക്കാരുടെ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനും സർക്കാർ അടിയന്തര നടപടി ആരംഭിക്കുമോ? | (ബി) & (സി) ജീവനക്കാരുടെ യോഗ്യത പരിശോധിച്ച് അവരെ സർക്കാർ സർവ്വീസിൽ സംയോജിപ്പിച്ച് ഏറ്റെടുക്കൽ നടപടികൾ പൂർത്തിയാക്കിയതിന് ശേഷം, ഭാവി വികസനത്തിന് ആവശ്യമായ തുക പദ്ധതി, പദ്ധതിയേതിര ഇനങ്ങളിൽ വകയിരുത്തി സർക്കാർ മേഖലയിലുള്ള മറ്റ് മെഡിക്കൽ കോളേജുകൾക്ക് സമാനമായ വികസന പ്രവർത്തനങ്ങൾ ഇവിടെയും നടപ്പിലാക്കുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. |

സെക്ഷൻ ഓഫീസർ